ലേഖനം

ഇ.സി സൈമൺ മാസ്റ്റർ

# ഒട്ടകം സൂചിക്കുഴയിലൂടെ

**ബൈബിളിൽ** യേശുവിന്റെ പ്രസിദ്ധമായ ഒരു ഉപമയുണ്ട്. അദ്ദേഹം ശിഷ്യന്മാരോട് അരുളിച്ചെയ്തു: “സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ധനവാന് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരമാണ്. ധനവാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്” (മത്തായി 19: 23,24).

സമ്പന്നന്റെ ജീവിതം എന്നും എവിടെയും ദൈവത്തിനും ദൈവ വചനത്തിനും എതിരായിരിക്കുമെന്ന പൊതുതത്ത്വം സൂചിപ്പിക്കുന്നതായിരുന്നു ലളിതമെങ്കിലും ആഴത്തിൽ തുളച്ചുകയറുന്ന ആ സാരോപദേശം.

ദൈവിക ദൃഷ്ടാന്തങ്ങൾ അവഗണിച്ചു ജീവിക്കുന്ന ധിക്കാരികളോടുള്ള അല്ലാഹുവിന്റെ പ്രതികരണം എങ്ങനെയായിരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പ്രസ്താവിച്ചു: “നമ്മുടെ വചനങ്ങളെ കള്ളമാക്കിത്തള്ളുകയും അവയുടെ നേരെ അഹന്ത നടിക്കുകയും ചെയ്തവർക്കുവേണ്ടി ഒരിക്കലും ആകാശത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കുകയില്ല. ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുവോളം അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല. അവ്വിധമാണ് നാം കുറ്റവാളികൾക്ക് പ്രതിഫലം നൽകുക” (7:40).

ഭൗതിക സമ്പത്ത് കുന്നുകൂട്ടിയ സമ്പന്ന വർഗത്തെ മാത്രം വിരൽചൂണ്ടിയായിരിക്കുകയില്ല ധനികന് സ്വർഗം അപ്രാപ്യമായിരിക്കുമെന്ന യേശുവിന്റെ പ്രസ്താവന. വേറെ ചിലതും അദ്ദേഹം മനസ്സിൽ ഉദ്ദേശിച്ചിരിക്കാൻ സാധ്യതയുണ്ട്. ഇന്ന് പലരും വിചാരിക്കുന്ന പോലെ ക്രിസ്ത്യാനികളോടായിരുന്നില്ല യേശുവിന്റെ ഈ ഉപദേശം. ക്രിസ്തുമതമെന്ന ഒരു മതമോ ക്രിസ്ത്യാനികൾ എന്ന പദം പോലുമോ അന്ന് നിലവിൽ വന്നിരുന്നില്ല. ഇസ്രയേൽക്കാരായിരുന്ന യഹൂദരോടായിരുന്നു അദ്ദേഹത്തിന്റെ ഈ പ്രസ്താവന. അവരുടെ പ്രവാചകനായിട്ടായിരുന്നല്ലോ ദൈവം അദ്ദേഹത്തെ അയച്ചത്. യേശുവിന്റെ കാലശേഷം സിറിയയിലെ അന്ത്യോഖ്യയിൽ വെച്ചാണ് ക്രിസ്ത്യാനി എന്ന പദം ആദ്യമായി ഉപയോഗിക്കപ്പെട്ടതെന്ന് ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നെയും ഏറെക്കാലം കഴിഞ്ഞ് യഹൂദമതത്തിൽനിന്ന് വേർതിരിഞ്ഞ് രൂപം കൊണ്ടതാണ് ക്രിസ്തുമതം.

ആധുനിക കാലത്തെ ക്രിസ്ത്യാനികളോടായിരുന്നു യേശു സംസാരിച്ചിരുന്നതെങ്കിൽ അദ്ദേഹം അവരെ നോക്കിയും ഇതേപോലെ പറയാൻ സാധ്യതയുണ്ടായിരുന്നു. ക്രൈസ്തവർക്ക് ദൈവം സ്വർഗം നിഷേധിക്കുന്നതിനുള്ള ന്യായീകരണങ്ങളായി അദ്ദേഹം നിരത്തുമായിരുന്ന കാരണങ്ങളിൽ ചിലത് ഇങ്ങനെയും ആവാം:

അമിത സ്നേഹം കൊണ്ട് വഴിതെറ്റിയ നിങ്ങൾ എന്നെ ദൈവമാക്കി ആരാധിക്കുന്നു; എന്നോട് പ്രാർഥിക്കുന്നു. എന്നാൽ ഏകനായ ദൈവത്തെ മാത്രമാണ് ഞാൻ ആരാധിച്ചിരുന്നത് എന്നതും ആ ദൈവത്തോടു മാത്രമേ ഞാൻ പ്രാർഥിച്ചിട്ടുള്ളൂ എന്നതും നിങ്ങൾ മാതൃകയാക്കുകയോ അനുകരിക്കുകയോ ചെയ്യുന്നില്ല. മനുഷ്യനായ എന്റെയും മനുഷ്യരായ നിങ്ങളുടെയും ദൈവം ഒന്നുതന്നെ എന്ന യാഥാർഥ്യബോധം നിങ്ങൾക്കില്ലാതെ പോയി. ദൈവത്തെപ്പറ്റി തിരിച്ചറിവില്ലാത്ത നിങ്ങൾ ഏറ്റവും നഷ്ടം പറ്റിയവരായിത്തീർന്നു. പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ മഹത്വവും ആധിപത്യവും എല്ലാ ജീവജാലങ്ങളും മനസ്സിലാക്കി അംഗീകരിക്കുമ്പോൾ വിശേഷബുദ്ധിയുള്ള മനുഷ്യരായ നിങ്ങൾക്ക് ആ കഴിവ് ഇല്ലാതെ പോയതെങ്ങനെ? ഏകദൈവത്തെ മാത്രം ആരാധിച്ചും അവനു മാത്രം പൂർണമായി കീഴ്പ്പെട്ടും വഴങ്ങിയും വേണം ജീവിക്കാൻ എന്ന അതിപ്രധാനമായ ദൈവിക കൽപന അവഗണിച്ചു ജീവിക്കുമ്പോൾ നഷ്ടപ്പെടുന്നത് ദൈവരാജ്യമായ സ്വർഗംതന്നെയാണെന്ന സത്യം നിങ്ങൾ അറിയുന്നില്ല.

കൽപനകളിൽ അതിപ്രധാനമായത് ഏതെന്ന യഹൂദ പണ്ഡിതന്റെ ചോദ്യത്തിന് ഞാൻ കൊടുത്ത ഉത്തരം “നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും കൂടി സ്നേഹിക്കുക” എന്നാണെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ? സീനായ് മലയിൽ വെച്ച് മൂസാ ന

**മറ്റു മനുഷ്യരിൽനിന്ന് വ്യത്യസ്തമായ രീതിയിൽ പിതാവില്ലാതെയുള്ള എന്റെ ജനനം നിങ്ങളെ അത്ഭുതപ്പെടുത്തിയെന്നതു സത്യം. എന്നാൽ അതിനേക്കാൾ അത്ഭുതകരമായി മാതാവോ പിതാവോ ഇല്ലാതെ കളിമണ്ണിൽനിന്ന് രൂപപ്പെടുത്തി ജീവൻ കൊടുത്താണ് ആദ്യ മനുഷ്യനായ ആദമിനെ ദൈവം സൃഷ്ടിച്ചതെന്ന വസ്തുത മറക്കാവുന്നതല്ല. പിതാവില്ലാതെയുള്ള സവിശേഷ ജനനം കൊണ്ട് എന്നെ ദൈവപുത്രനും ദൈവതുല്യനും ആക്കുന്ന നിങ്ങൾ മാതാപിതാക്കൾ ഇരുവരും ഇല്ലാതെയുണ്ടായ ആദമാണ് ആ ബഹുമതിക്ക് കൂടുതൽ അർഹൻ എന്നു മനസ്സിലാക്കേണ്ടതാണ്.**

ബിക്ക് ദൈവം കൽപ്പലകയിൽ എഴുതിക്കൊടുത്ത പത്തു കൽപനകളിൽ ഒന്നാമത്തേതും ഇതുതന്നെ ആയിരുന്നു എന്നും നിങ്ങൾക്കറിയാവുന്നതാണല്ലോ. എന്നാൽ എന്നെ മാതൃകയാക്കാത്ത നിങ്ങൾക്ക് മൂന്നു ദൈവങ്ങളുടെ സംയുക്തമായ ത്രിത്വവും അതിലൊന്നാക്കി മാറ്റിയ ഞാനും ഉൾപ്പെട്ടതായി ദൈവസങ്കൽപം. ദൈവമായ അല്ലാഹുവിന്റെ കഠിന കോപത്തിനു ഹേതുവാകുന്ന മറ്റൊരു ദൈവനിന്ദയില്ല ഇതിനേക്കാൾ ഗുരുതരമായി. ഏകദൈവത്തിനു തുല്യനായോ പങ്കാളിയായോ മറ്റൊരാളെ സങ്കൽപിക്കുന്നതാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും ഗൗരവവും ശിക്ഷാർഹവുമായ കുറ്റം. ഞാൻ പഠിപ്പിച്ച ഇഞ്ചീൽ എന്ന സുവിശേഷത്തിനു ശേഷം എന്റെ പിൻഗാമിയായി ദൈവം അയച്ച പ്രവാചകനായ മുഹമ്മദ് വഴി ലഭിച്ച പരിശുദ്ധ ഖുർആൻ അതിനെപ്പറ്റി ഇങ്ങനെ പറയുന്നു:

"അല്ലാഹു തന്നിൽ പങ്കുചേർക്കുന്നത് പൊറുക്കില്ല. അതല്ലാത്ത പാപങ്ങളൊക്കെയും അവനിഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. അല്ലാഹുവിന് പങ്കാളികളെ സങ്കൽപിക്കുന്നവൻ കൊടിയ കുറ്റമാണ് ചെയ്യുന്നത്; തീർച്ച" (4:48).

ഖുർആൻ വീണ്ടും പറയുന്നു: "മർയമിന്റെ മകൻ മസീഹ് ദൈവം തന്നെയെന്ന് വാദിച്ചവർ ഉറപ്പായും സത്യനിഷേധികളായിരിക്കുന്നു. യഥാർഥത്തിൽ മസീഹ് പറഞ്ഞതിതാണ്: ഇസ്രയേൽ മക്കളേ, എന്റെയും നിങ്ങളുടെയും നാഥനായ അല്ലാഹുവെ മാത്രം ആരാധിക്കുക. അല്ലാഹുവിൽ ആരെയെങ്കിലും പങ്കുചേർക്കുന്നവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കും; തീർച്ച. അവന്റെ വാസസ്ഥലം നരകമാണ്. അക്രമികൾക്ക് സഹായികളുണ്ടാവില്ല.

ദൈവം മൂവരിൽ ഒരുവനാണെന്നു വാദിച്ചവർ തീർച്ചയായും സത്യനിഷേധികൾ തന്നെ. കാരണം, ഏകനായ അല്ലാഹുവല്ലാതെ ദൈവമില്ല. തങ്ങളുടെ വിടുവാദങ്ങളിൽനിന്ന് അവർ വിരമിക്കുന്നില്ലെങ്കിൽ സത്യനിഷേധികളെ നോവേറിയ ശിക്ഷ ബാധിക്കുകതന്നെ ചെയ്യും.

ഇനിയും അവർ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും അവനോട് മാപ്പിരക്കുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും പരമദയാലുവുമല്ലോ.

മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പും നിരവധി ദൈവദൂതന്മാർ ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയായിരുന്നു. ഇരുവരും ആഹാരം കഴിക്കുന്നവരുമായിരുന്നു. നോക്കൂ, നാം അവർക്ക് എങ്ങനെയൊക്കെ തെളിവുകൾ വിവരിച്ചുകൊടുക്കുന്നുവെന്ന്. ചിന്തിച്ചു നോക്കൂ; എന്നിട്ടും അവരെങ്ങനെയാണ് തെന്നിമാറിപ്പോകുന്നത്" (5:72-75).

ദൈവത്തിനു മാത്രം അവകാശപ്പെട്ട ധാരാളം ഗുണവിശേഷങ്ങൾ ഉള്ളതായി നിങ്ങൾക്കറിയാം. അതിൽ ഒന്നാമത്തേതാണ് പ്രപഞ്ചത്തിന്റെയും മറ്റു എല്ലാറ്റിന്റെയും സ്രഷ്ടാവും പരിപാലകനും അല്ലാഹുവാണ് എന്ന വസ്തുത. എന്നാൽ അല്ലാഹുവിന്റെ ഒരു സൃഷ്ടി മാത്രമാണ് ഞാൻ എന്ന് അറിയാമായിരുന്നിട്ടും അത് മൂടിവെച്ച് എന്നെ അല്ലാഹുവിനൊപ്പമാക്കുന്നതുകൊണ്ട് നിങ്ങൾക്കോ എനിക്കോ പ്രയോജനമൊന്നുമില്ലെന്ന് അറിയേണ്ടതുണ്ട്. ഞാൻ യാതൊന്നും സൃഷ്ടിച്ചിട്ടില്ലെന്നും സൃഷ്ടികർമം എന്റെ കഴിവിന്നതീതമാണെന്നും നിങ്ങൾ മനസ്സിലാക്കിയിട്ടില്ലേ? അതിനെപ്പറ്റിയും ഖുർആൻ പറയുന്നു:

"അല്ലാഹുവെക്കൂടാതെ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം ഒരുമിച്ചു ചേർന്ന് ശ്രമിച്ചാലും ഒരീച്ചയെപ്പോലും സൃഷ്ടിക്കാൻ അവർക്കാവില്ല. എന്നല്ല; ഈച്ച അവരുടെ പക്കൽനിന്നെന്തെങ്കിലും തട്ടിയെടുത്താൽ അത് മോചിപ്പിച്ചെടുക്കാൻ പോലും അവർക്ക് സാധ്യമല്ല. സഹായം തേടുന്നവനും തേടപ്പെടുന്നവനും ഏറെ ദുർബലർ തന്നെ" (22:73).

ദൈവത്തിന് ജനനമോ മരണമോ ഇല്ലെന്ന് നിങ്ങൾക്കറിയാം. എന്നാൽ ഞാനാവട്ടെ മർയമിന്റെ മകനായി ജനിച്ചവനാണെന്ന് നിങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. എന്റെ ജനനത്തെപ്പറ്റിയുള്ള ബൈബിൾ വിവരണങ്ങളോട് യോജിക്കുന്ന ഖുർആൻ വചനങ്ങളും ഞാനൊരു മനുഷ്യനായാണ് ജനിച്ചതെന്ന് തെളിയിക്കുകയാണ്.

മലക്കുകൾ (മാലാഖമാർ) പറഞ്ഞതോർക്കുക: "മർയം, അല്ലാഹു തന്നിൽ നിന്നുള്ള ഒരു വചനത്തെ സംബന്ധിച്ച് നിന്നെയിതാ ശുഭവാർത്ത അറിയിക്കുന്നു. അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഈ ലോകത്തും പരലോകത്തും ഉന്നത സ്ഥാനീയനും ദിവ്യസാമീപ്യം സിദ്ധിച്ചവനുമായിരിക്കും.

അവൾ ചോദിച്ചു: എന്റെ നാഥാ, എനിക്കെങ്ങനെ പുത്രനുണ്ടാകും? എന്നെ ഒരു പുരുഷനും തൊട്ടിട്ടുപോലുമില്ല.

അല്ലാഹു അറിയിച്ചു: അത് ശരിതന്നെ. എന്നാൽ അല്ലാഹു അവനിഛിക്കുന്നത് സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചാൽ 'ഉണ്ടാവട്ടെ' എന്നു പറയുകയേ വേണ്ടൂ. അപ്പോഴേക്കും അതുണ്ടാവുന്നു.

അവനെ അല്ലാഹു വേദവും തത്ത്വജ്ഞാനവും തൗറാത്തും ഇഞ്ചീലും പഠിപ്പിക്കും" (3:45,47,48).

എല്ലാ വസ്തുക്കളും സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവത്തിന് വിശപ്പും ദാഹവും ഉണ്ടാവുകയില്ലെന്ന് അറിവുണ്ടല്ലോ. എന്നാൽ എനിക്ക് പലപ്പോഴും വിശപ്പും ദാഹവും അനുഭവപ്പെട്ടിരുന്നതായും നിങ്ങൾ വായിച്ചിരിക്കും. ബഥനിയിൽ ശീമോന്റെ വീട്ടിൽനിന്ന് ഭക്ഷണം കഴിച്ചതും ഉച്ചവെയിലിൽ സമരിയാ പ്രദേശത്തുകൂടി യാത്ര ചെയ്യുകയായിരുന്ന ഞാൻ, വെള്ളം കോരിക്കൊണ്ടിരുന്ന സമരിയാക്കാരിയോട് കുടിവെള്ളം ചോദിച്ച കഥയും നിങ്ങൾക്കറിവുള്ളതാണല്ലോ. ലോകാവസാനത്തെപ്പറ്റി പലപ്പോഴും നിങ്ങളെന്നോട് ചോദിച്ചിട്ടുണ്ട്. എല്ലാം അറിയുന്ന ദൈവത്തിനല്ലാതെ മറ്റാർക്കും, സ്വർഗത്തിലെ മാലാഖമാർക്കുപോലും അതറിയില്ല എന്നേ അപ്പോഴെല്ലാം ഞാൻ പറഞ്ഞിട്ടുള്ളൂ. ദൈവം മാത്രമാണ് സർവജ്ഞനെന്നും ഞാൻ അതിൽപ്പെട്ടതല്ലെന്നും നിങ്ങൾ മനസ്സിലാക്കുമെന്നായിരുന്നു എന്റെ ധാരണ.

എന്റെ മരണത്തെപ്പറ്റി വ്യക്തമായ അറിവില്ലാതിരുന്നിട്ടും യഹൂദർ കുരിശിലേറ്റി കൊന്നു എന്നാണ് നിങ്ങളുടെ വിശ്വാസം. കുരിശുമരണം സംബന്ധിച്ച ഖുർആൻ പ്രസ്താവനകൾ നിങ്ങൾ വായിച്ചുനോക്കേണ്ടതാണ്. യാതൊരു സംശ

**എനിക്കു ശേഷം വരുമെന്ന് ഞാൻ അറിയിച്ചതനുസരിച്ച് വന്ന പ്രവാചകൻ മുഹമ്മദിനെയും അദ്ദേഹത്തിൽ കൂടി അല്ലാഹുവിൽനിന്ന് ലഭിച്ച ദൈവികഗ്രന്ഥമായ പരിശുദ്ധ ഖുർആനെയും അംഗീകരിക്കാത്ത നിങ്ങൾക്ക് ഈ ദൈവിക വചനങ്ങളും സ്വീകാര്യമാകുന്നില്ല. എന്നെ സ്നേഹിച്ചിരുന്നെങ്കിൽ എന്റെ ഉപദേശം നിങ്ങൾ കേൾക്കുമായിരുന്നു. എന്റെ കാലശേഷം വന്ന പ്രവാചകനായ മുഹമ്മദിന്റെയും നിങ്ങളുടെയും ദൈവം ഒന്നുതന്നെയെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.**

യത്തിനും ഇടയില്ലാത്തവിധം വ്യക്തവും സ്പഷ്ടവുമാണ് അതിലെ വിശദീകരണങ്ങൾ. ക്രൈസ്തവരായ നിങ്ങളുടെ എല്ലാ ആധികാരിക ഗ്രന്ഥങ്ങളും പൂർണമായും ശരിയെന്ന നിലയിൽ ഏകകണ്ഠമായി വിശദീകരിക്കുന്ന എന്റെ 'കുരിശുമരണ'ത്തെ സംബന്ധിച്ച വിവരണങ്ങൾ അസന്ദിഗ്ധമായി നിഷേധിക്കുകയാണ് ഖുർആൻ. എല്ലാം അറിയുന്ന ദൈവത്തിനു മാത്രമേ അത്രയും ഖണ്ഡിതമായി അങ്ങനെ ഒരു പ്രഖ്യാപനം നടത്താൻ കഴിയൂ.

ഖുർആൻ പറയുന്നു: "അല്ലാഹുവിന്റെ ദൂതനായ മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല ക്രൂശിച്ചിട്ടുമില്ല. പക്ഷേ (യാഥാർഥ്യം) അവർക്ക് തിരിച്ചറിയാതെയാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽതന്നെയാകുന്നു. ഈഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ തന്നിലേക്കുയർത്തുകയാണുണ്ടായത്. അല്ലാഹു പ്രതാപിയും യുക്തിമാനുംതന്നെ" (4:157,158).

വലിയ ചില തെറ്റിദ്ധാരണകൾ കൊണ്ടാണ് എന്നെ നിങ്ങൾ ദൈവമാക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. മറ്റു മനുഷ്യരിൽനിന്ന് വ്യത്യസ്തമായ രീതിയിൽ പിതാവില്ലാതെയുള്ള എന്റെ ജനനം നിങ്ങളെ അത്ഭുതപ്പെടുത്തിയെന്നതു സത്യം. എന്നാൽ അതിനേക്കാൾ അത്ഭുതകരമായി മാതാവോ പിതാവോ ഇല്ലാതെ കളിമണ്ണിൽനിന്ന് രൂപപ്പെടുത്തി ജീവൻ കൊടുത്താണ് ആദ്യ മനുഷ്യനായ ആദമിനെ ദൈവം സൃഷ്ടിച്ചതെന്ന വസ്തുത മറക്കാവുന്നതല്ല. പിതാവില്ലാതെയുള്ള സവിശേഷ ജനനം കൊണ്ട് എന്നെ ദൈവപുത്രനും ദൈവതുല്യനും ആക്കുന്ന നിങ്ങൾ മാതാപിതാക്കൾ ഇരുവരും ഇല്ലാതെയുണ്ടായ ആദമാണ് ആ ബഹുമതിക്ക് കൂടുതൽ അർഹൻ എന്നു മനസ്സിലാക്കേണ്ടതാണ്.

അന്ധനു കാഴ്ച നൽകുക, രോഗിയെ സുഖപ്പെടുത്തുക, മരിച്ചവർക്ക് ജീവൻ നൽകുക തുടങ്ങി ഞാൻ ചെയ്ത അത്ഭുതങ്ങൾ അനവധി. എങ്കിലും അവയൊന്നും ഞാൻ ദൈവമായതുകൊണ്ടുണ്ടായ കഴിവുകൾ ഉപയോഗിച്ചു ചെയ്തവയല്ല. മറിച്ച് ദൈവത്തിൽനിന്ന് ലഭിച്ച പ്രത്യേക കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും അടയാളവും ഫലവും ആയിരുന്നു അവയെല്ലാം തന്നെയും. അത്തരം സവിശേഷ സിദ്ധികൾ പ്രകടിപ്പിച്ച പ്രവാചകന്മാർ വേറെയും ഉണ്ടായിട്ടുണ്ടെന്ന വസ്തുതയും മറക്കാവുന്നതല്ല. മോസസ് എന്ന മൂസാ നബി, ഏലിയാ, എലീഷാ തുടങ്ങിയവരും ദൈവത്തിൽനിന്നുള്ള പ്രത്യേകാനുഗ്രഹങ്ങൾ ഉപയോഗിച്ച് അത്ഭുതസിദ്ധികൾ പ്രകടിപ്പിച്ചതായി രേഖകളുണ്ട്. ഈജിപ്തിൽ അടിമകളായിരുന്ന ലക്ഷത്തിലധികം വരുന്ന ഇസ്രയേൽക്കാർക്ക് അല്ലാഹു അനുവദിച്ചുകൊടുത്ത വാഗ്ദത്ത ഭൂമിയിലേക്ക് മൂസാ നബി അവരെ വിമോചിപ്പിച്ചുകൊണ്ടുപോയത് ചെങ്കടൽ പിളർത്തിയുണ്ടാക്കിയ നടപ്പാതയിലൂടെയായിരുന്നു. സന്ദർഭമനുസരിച്ച് ഓരോ അത്ഭുതപ്രകടനത്തിനും മുമ്പായി ഞാൻ അല്ലാഹുവിനോട് പ്രാർഥിച്ചതും പ്രാർഥന സാധിച്ചു കിട്ടുമ്പോൾ നന്ദി പറഞ്ഞതും സുവിശേഷങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ട്.

പ്രവാചകന്മാരെ കൊല്ലുകയും കല്ലെറിയുകയും ചെയ്ത യഹൂദ പ്രമാണികൾക്കും ഫരിസേയർക്കുമെതിരെ ശബ്ദമുയർത്തിയ പ്രവാചകനായ എന്നെത്തന്നെ നിങ്ങൾ ഇപ്പോഴും കുരിശിലേറ്റി ബലിയർപ്പിക്കുന്നതും മാംസ-രക്തങ്ങൾ ഭക്ഷിക്കുന്നതും എന്തിന്റെ പേരിലായാലും ഒരു വലിയ വിരോധാഭാസമായേ കാണാൻ കഴിയൂ. 2000 കൊല്ലങ്ങൾക്ക് മുമ്പ് ഞാനുയർത്തിയ പ്രതിഷേധശബ്ദം ഇപ്പോഴും നിങ്ങളുടെ ഗ്രന്ഥങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നത് നിങ്ങൾക്കു കേൾക്കാൻ ആവുന്നില്ലെന്നുണ്ടോ? അന്നു ഞാൻ പറഞ്ഞു:

"കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്ക് ദുരിതം! നിങ്ങൾ വെള്ളയടിച്ച കുഴിമാടങ്ങൾക്കു സദൃശ്യരാണ്. അവ പുറമേ മനോഹരമായി കാണപ്പെടുന്നെങ്കിലും അവക്കുള്ളിൽ മരിച്ചവരുടെ അസ്ഥികളും സർവവിധ മാലിന്യങ്ങളും നിറഞ്ഞുകിടക്കുന്നു. അതുപോലെ, ബാഹ്യമായി മനുഷ്യർക്കു നല്ലവരായി കാണപ്പെടുന്ന നിങ്ങൾ ഉള്ളിൽ കാപട്യവും അനീതിയും നിറഞ്ഞവരാണ്. കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പ്രവാചകന്മാർക്കു ശവകുടീരങ്ങൾ നിർമിക്കുകയും നീതിമാന്മാരുടെ സ്മാരകങ്ങൾ അലങ്കരിക്കുകയും ചെയ്തുകൊണ്ട് പറയുന്നു: ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ കാലത്ത് ജീവിച്ചിരുന്നെങ്കിൽ പ്രവാചകന്മാരുടെ രക്തത്തിൽ അവരോടു കൂടെ പങ്കാളികളാകുമായിരുന്നില്ല എന്ന്.

അങ്ങനെ നിങ്ങൾ, പ്രവാചകന്മാരെ വധിച്ചവരുടെ സന്താനങ്ങളാണെന്ന് നിങ്ങൾക്കുതന്നെ എതിരായി സാക്ഷ്യം നൽകുന്നു. നിങ്ങളുടെ പിതാക്കന്മാരുടെ ചെയ്തികൾ നിങ്ങൾ പൂർത്തിയാക്കുവിൻ! സർപ്പങ്ങളേ, അണലി സന്തതികളേ, നരകവിധിയിൽ നിന്നൊഴിഞ്ഞുമാറാൻ നിങ്ങൾക്കെങ്ങനെ കഴിയും?" (മത്തായി 23:27-33).

ഞാൻ ഉൾപ്പെടെ ഇസ്രയേൽക്കാരുടെ എല്ലാ പ്രവാചകന്മാരും വിഗ്രഹാരാധനക്കെതിരായിരുന്നിട്ടും നിങ്ങളുടെ ഒട്ടുമിക്ക ആരാധനാലയങ്ങളും വിഗ്രങ്ങൾ കൊണ്ടുനിറയാൻ എന്തു കാരണം? മൂസാ നബിക്ക് ദൈവം കൽപലകയിൽ എഴുതിക്കൊടുത്ത കൽപനകളിൽ ഒന്നിൽ ഇങ്ങനെ പറഞ്ഞു: "ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്. നിനക്കായി ഒരു വിഗ്രഹവും ഉണ്ടാക്കരുത്. മുകളിൽ ആകാശത്തോ താഴെ ഭൂമിക്കടിയിലെ ജലത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമ ഉണ്ടാക്കരുത്. നീ അവയെ കുമ്പിട്ടാരാധിക്കുകയോ സേവിക്കുകയോ ചെയ്യരുത്. എന്തെന്നാൽ നിന്റെ ദൈവവും കർത്താവുമായ ഞാൻ എന്നെ വെറുക്കുന്നവരുടെ മൂന്നും നാലും തലമുറകൾ വരെയുള്ള മക്കളെ അവരുടെ പിതാക്കന്മാരുടെ തിന്മ മൂലം ശിക്ഷിക്കുന്ന അസഹിഷ്ണുവായ ദൈവമാണ്" (നിയമാവർത്തനം 5:7-9).

ഇസ്രയേലിന്റെ പ്രവാചകന്മാർ പറഞ്ഞതൊന്നും സ്വീകരിക്കാതെ വിഗ്രഹാരാധനയിൽ മുഴുകിയപ്പോൾ വീണ്ടും നിങ്ങളെ ചിന്തിപ്പിക്കുന്നതിനും നേർമാർഗത്തിലേക്ക് വരുത്തുന്നതിനും വേണ്ടി ഏറ്റവും ഒടുവിലായി ഖുർആനിൽ കൂടി അല്ലാഹു പറഞ്ഞു: "അവർക്ക് കാലുകളുണ്ടോ നടക്കാൻ? കൈകളുണ്ടോ പിടിക്കാൻ? കണ്ണുകളുണ്ടോ കാണാൻ? കാതുകളുണ്ടോ കേൾക്കാൻ? പറയുക. നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കൂ. എന്നിട്ട് എനിക്കെതിരെ തന്ത്രങ്ങൾ പ്രയോഗിക്കൂ. എനിക്കൊട്ടും അവധി അനുവദിക്കേണ്ടതില്ല.

ഈ വേദഗ്രന്ഥം ഇറക്കിയ അല്ലാഹുവാണ് എന്റെ രക്ഷകൻ. അവൻ സജ്ജനങ്ങളെ സംരക്ഷിക്കുന്നു.

അവനെക്കൂടാതെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കാൻ സാധ്യമല്ല. തങ്ങളെത്തന്നെ സഹായിക്കാൻ അവർക്കാവില്ല. നിങ്ങളവരെ നേർവഴിയിലേക്ക് ക്ഷണിക്കുകയാണെങ്കിൽ അതവർ കേൾക്കുക പോലുമില്ല. അവർ നിന്റെ നേരെ നോക്കുന്നതായി നിനക്കു കാണാം. ഫലത്തിലോ അവരൊന്നും കാണുന്നില്ല'' (7:195–198).

എനിക്കു ശേഷം വരുമെന്ന് ഞാൻ അറിയിച്ചതനുസരിച്ച് വന്ന പ്രവാചകൻ മുഹമ്മദിനെയും അദ്ദേഹത്തിൽ കൂടി അല്ലാഹുവിൽനിന്ന് ലഭിച്ച ദൈവികഗ്രന്ഥമായ പരിശുദ്ധ ഖുർആനെയും അംഗീകരിക്കാത്ത നിങ്ങൾക്ക് ഈ ദൈവിക വചനങ്ങളും സ്വീകാര്യമാകുന്നില്ല. എന്നെ സ്നേഹിച്ചിരുന്നെങ്കിൽ എന്റെ ഉപദേശം നിങ്ങൾ കേൾക്കുമായിരുന്നു. എന്റെ കാലശേഷം വന്ന പ്രവാചകനായ മുഹമ്മദിന്റെയും നിങ്ങളുടെയും ദൈവം ഒന്നുതന്നെയെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. നിങ്ങൾ വിശ്വസിക്കുന്നതും വിശ്വസിക്കേണ്ടതുമായ ഏകദൈവത്തെത്തന്നെയാണ് ഖുർആനും പരിചയപ്പെടുത്തുന്നതെന്ന് ആ ഗ്രന്ഥം പ്രഖ്യാപിക്കുന്നുണ്ട്.

എന്റെ ഉപദേശങ്ങൾക്ക് വിരുദ്ധമായി നിങ്ങൾ സ്വീകരിക്കുന്ന തെറ്റായ മാർഗത്തിൽനിന്ന് നേരിന്റെ വഴിയിലേക്ക് നിങ്ങളെ തിരിച്ചുകൊണ്ടുവരുന്നതിന് എനിക്കു ശേഷം അല്ലാഹു മറ്റൊരു പ്രവാചകനെ അയക്കുമെന്ന് ഞാൻ പറഞ്ഞിരുന്നത് ഓർമയുണ്ടല്ലോ. ഭൂമിയിലെ എന്റെ ജീവിതത്തിന്റെ അവസാനദിവസം സന്ധ്യാസമയത്ത് ശിഷ്യർ പന്ത്രണ്ടു പേരുമൊന്നിച്ച് പെസഹാ പെരുന്നാളിന്റെ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ഞാൻ നടത്തിയ അന്തിമ പ്രഭാഷണത്തിൽ ആയിരുന്നല്ലോ ആ മഹാ പ്രവാചകന്റെ ആഗമനത്തെപ്പറ്റിയുള്ള സദ്വാർത്ത ഞാൻ പ്രഖ്യാപിച്ചത്. അന്ന് ഞാൻ പറഞ്ഞു: "എനിക്ക് ഇനിയും വളരെ കാര്യങ്ങൾ നിങ്ങളോട് പറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കാവില്ല. ഞാൻ പോയതിനു ശേഷം ദൈവം അയക്കുന്ന സത്യാത്മാവ് നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്ക് നയിക്കും. സ്വമേധയാ ആയിരിക്കുകയില്ല അദ്ദേഹം സംസാരിക്കുക. സ്വന്തമായി ഒന്നും സംസാരിക്കാതെ ദൈവത്തിൽനിന്ന് കേൾക്കുന്നതും ദൈവം വെളിപ്പെടുത്തിക്കൊടുക്കുന്നതുമായ കാര്യങ്ങൾ മാത്രമായിരിക്കും അദ്ദേഹം സംസാരിക്കുന്നത്. വരാനിരിക്കുന്ന കാര്യങ്ങൾ മുൻകൂട്ടി അറിയിക്കുന്ന ആ ആശ്വാസദായകൻ എന്നെ മഹത്വപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യും. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചും ആ സത്യാത്മാവ് നിങ്ങളെ പഠിപ്പിക്കും. ദൈവത്തിന്റെ നാമത്തിലായിരിക്കും അദ്ദേഹം സംസാരിക്കുക."

എനിക്കു ശേഷം വരാനിക്കുന്ന പ്രവാചകനെപ്പറ്റി ഞാൻ അറിയിക്കുന്നതിനു മുമ്പുതന്നെ മൂസാ നബി നിങ്ങളെ അറിയിച്ചിരുന്നതും നിങ്ങൾക്ക് അറിവുള്ളതാണല്ലോ. അദ്ദേഹം പറഞ്ഞതും നിങ്ങളുടെ ഗ്രന്ഥത്തിൽ ഇപ്പോഴും ഇങ്ങനെ രേഖപ്പെട്ടുകിടക്കുന്നു.

''നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരങ്ങളുടെ ഇടയിൽനിന്ന് എന്നെപ്പോലെയുള്ള (മൂസാ നബിയെപ്പോലുള്ള) ഒരു പ്രവാചകനെ നിനക്കുവേണ്ടി അയക്കും. അവന്റെ വാക്കാണ് നീ ശ്രവിക്കേണ്ടത്. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കൽപിക്കുന്നതെല്ലാം അവൻ അവരോട് പറയും. എന്റെ നാമത്തിൽ അവൻ പറയുന്ന എന്റെ വാക്കുകൾ ശ്രവിക്കാത്തവരോട് ഞാൻ തന്നെ പ്രതികാരം ചെയ്യും'' (നിയമാവർത്തനം 18:15, 18,19).

പ്രവാചകന്മാർ തമ്മിൽ വിവേചനം കൽപിക്കാതെ ദൈവം അയച്ച എല്ലാ പ്രവാചകന്മാരെയും സ്വീകരിച്ചും അവർ വഴി ലഭിച്ച ദൈവിക ഗ്രന്ഥങ്ങളിൽ വിശ്വസിച്ചും സത്കർമങ്ങൾ ചെയ്തു ജീവിക്കുന്ന സ്ത്രീ പുരുഷന്മാർക്ക് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള സർവ സുഖസൗകര്യങ്ങളോടും കൂടിയ അതിമഹത്തായ സ്വർഗരാജ്യത്തിലേക്കുള്ള പ്രവേശനം ലക്ഷ്യംവെച്ച് ക്രൈസ്തവരെന്ന നിലയിൽ ഇന്നു നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന മതചടങ്ങുകൾ നിങ്ങളെ ലക്ഷ്യപ്രാപ്തിയിലെത്തിക്കുമോ എന്ന് നിങ്ങൾ ചിന്തിക്കണം. ■